SHRI A. A. D. LUIZ : May I know from the Hon. Minister how the Scholarships were given, on the basis of Communities ?

ഓരോ ജാതിക്കാർക്കും എത്രവീതം കിട്ടിയെന്നുള്ള വിവരം മന്ത്രിയുടെ കൈവശമുണ്ടോ ?

ശ്രീ. ഇ. കൊച്ചുകുട്ടൻ : ഷെഡ്യൂൾഡ് കാസ്റ്റിൽ 580 പേർക്കും, മറ്റ 395 പേർക്കും കിട്ടിയിട്ടുണ്ട്.

ശ്രീ. എ. എ. ഡി. ലൂയിസ് : ഇതു സംബന്ധിച്ച ഡിറ്റെയിൽഡ് ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ?

ശ്രീ. ഇ. കൊച്ചുകുട്ടൻ : അതിന്റെ ഡിറ്റെയിൽസ് ഇപ്പോൾ എന്റെ കൈവശമില്ല.

ടഗ്ഗുകളിലും ബോട്ടുകളിലും വേഗ ക്ര.

* 151. [23] ശ്രീ. പി. കെ അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്യമായ നിയമപ്രകാരം ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന ടഗ്ഗുകളിലും സ്പെഷ്യൽ ബോട്ടുകളിലും ലൈസൻസുള്ളതും ഇല്ലാത്തതുമായുള്ള എത്ര ക്ര വേണമെന്നു നിശ്ചയം ചെയ്തിട്ടുണ്ടോ ;

(ബി) നിയമപ്രകാരം ലോഗ്ബുക്കും ക്ര ഡയറിയും എഴുതുന്ന സമ്പ്രദായം മേൽപറഞ്ഞ വിഭാഗം ബോട്ടുകൾക്കും ടഗ്ഗുകൾക്കും ബാധകമല്ലേ ;

(സി) ആണെങ്കിൽ ഈ നിയമം പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ടഗ്ഗുകളിൽ ലൈസൻസുള്ള ഒരു സ്രാങ്കും, ഒരു ഡ്രൈവറും കൂടാതെ ഇൻസ്പെക്ടർ നിശ്ചയിക്കുന്നിടത്തോളം ക്ലീനും ലാസ്കറും വേണമെന്നുണ്ട്. സ്പെഷ്യൽബോട്ടിൽ ഒരു ലൈസൻസുള്ള ഡ്രൈവർ ഉണ്ടായിരിക്കണം. എന്നാൽ, രണ്ടര ടണ്ണിൽ താഴെയുള്ള സ്പെഷ്യൽ ബോട്ടുകളും, അതിന്റെ ഉടമസ്ഥന്മാർ തന്നെ അവരുടെ സ്വന്ത ആവശ്യത്തിനു ഓടിക്കുകയാണെങ്കിൽ, അവർ ലൈസൻസുള്ളവരായിരിക്കണമെന്നില്ല.

(ബി) ബാധകമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പോർട്ടർമാരുടെ ശമ്പളം.

* 152. [24] ശ്രീ. കുട്ടപ്പൻ കോമികൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാൻസ്റ്റോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര പോർട്ടർമാരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly